'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് -2018 -19 വാർഷിക പദ്ധതി-മെയിന്റനൻസ് ഗ്രാന്റ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.18/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/01/2019

പരാമർശം:- 1 കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.08.2018-ലെ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ

30/11/2018-ലെ 4.38 നമ്പർ തീരുമാനം .

## ഉത്തരവ്

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ ആദിവാസി വിഭാഗക്കാർ ഉപയോഗിക്കുന്ന റോഡുകൾ തകർന്ന് അപകട ഭീഷണിയിലാണെന്നും , വന മേഖലയായതിനാൽ റോഡ് ടാറിംഗിന് വനം വകുപ്പ് അനുവദിക്കുന്നില്ലെന്നും അതിനാൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018 -19 വാർഷിക പദ്ധതിയിൽ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പഞ്ചായത്തിന്റെ റോഡുകൾ കോൺക്രീറ്റിംഗ് നടത്താൻ അനുമതി നൽകണമെന്ന് കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2 ) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ നിലവിലെ ഉത്തരവനുസരിച്ച് മറ്റു റോഡുകൾക്ക് അറ്റകുറ്റപ്പണിയില്ലായെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം എന്നുള്ള നിബന്ധനയോടെയും ആയതിന് ഭരണസമിതി തീരുമാനം എടുക്കണം എന്ന നിബന്ധനയോടെയും വന മേഖലയിൽ മാത്രമായി പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

(---)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ് ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ)പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ)പി.എയ്ക്ക്